ഉത്തരം

(എ) ഭക്ഷണം ലഭിക്കുന്നില്ലെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ട്രഷറിയിൽനിന്നും പണം കിട്ടുവാൻ താമസം വരുന്നതുകൊണ്ട് പട്ടികജാതി വകുപ്പിന്റെ കീഴിലുള്ള എറണാകുളം പോസ്റ്റുമെട്രിക് ഹോസ്റ്റലിനെ സംബന്ധിച്ച പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച പോരായ്മകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗവികസന വകുപ്പിന്റെ പ്രീമെട്രിക് ഹോസ്റ്റലിലെ അന്തേവാസികൾക്ക് നിശ്ചിത മെനുപ്രകാരം ഭക്ഷണം നൽകുന്നുണ്ടെന്ന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ മുഖേന പരിശോധന നടത്തി ഉറപ്പുവരുത്തുന്നുണ്ട്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾക്ക് സ്വന്തമായി സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി വാങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പട്ടികജാതി വികസന വകുപ്പിന്റെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് കൈമാറിയിട്ടുള്ളതും സ്ഥല സൗകര്യമില്ലാതെ പ്രവർത്തിക്കുന്നതുമായ പ്രീമെട്രിക് ഹോസ്റ്റലുകൾ സൗകര്യ പ്രദമായ കെട്ടിടങ്ങളിലേയ്ക്ക് മാറ്റി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ട്രഷറി നിയന്ത്രണം കാരണം ബില്ല് മാറിക്കിട്ടാൻ താമസം നേരിടുന്നു വെങ്കിലും അടിയന്തിരമായി ആവശ്യമുള്ള സാധനങ്ങൾ ക്രെഡിറ്റ് വ്യവസ്ഥയിൽ വാങ്ങുന്നുണ്ട്.

ചാലക്കുടി ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിൽ പ്രവർത്തിക്കുന്ന എം. ആർ. എസ്.

157 (1049) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി ഗവൺമെന്റ് ഗേൾസ് ഹൈസ്ക്കൂളിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിലെ പെൺകുട്ടികൾ സ്ഥലപരിമിധിമൂലം അനുഭവിക്കുന്ന കഷ്ടപ്പാടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദീകരിക്കാമോ ;

(സി) ചാലക്കുടിയിലെ എം. ആർ. എസ്. നായരങ്ങാടിയിൽ പണി പൂർത്തിയാക്കിയിരിക്കുന്ന പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി പ്രവർത്തനം ആരംഭിക്കുന്നതിന് പരമാവധി എത്ര ദിവസങ്ങൾവേണ്ടി വരുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ വർഷം ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിന്റെ മൂന്ന് ക്ലാസ് മുറികൾ കൂടി ഏറ്റെടുത്ത് നിർമ്മിതി കേന്ദ്രത്തിനെകൊണ്ട് അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. പുതിയതായി കുളിമുറി, കക്കൂസ് എന്നിവയും പണിതിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2003 ഡിസംബറിൽ മാറി പ്രവർത്തനം ആരംഭിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

അംബേദ്കർ ഭവന്റെ ഉദ്ദേശലക്ഷ്യങ്ങൾ

158 (1050) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിലെ മണ്ണന്തലയിൽ സ്ഥാപിക്കുന്ന അംബേദ്കർ ഭവന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സ്ഥാപനത്തിന്റെ ഭരണസമിതിയുടെ ഘടന വ്യക്തമാക്കുമോ ;

(സി) ഈ സ്ഥാപനം എത്ര മാസത്തിനുള്ളിൽ പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ;

(ഡി) സാമൂഹ്യപരിഷ്കർത്താവായ അയ്യങ്കാളിയുടെ സ്മരണയ്ക്കായി ഈ സ്ഥാപനത്തിൽ ഒരു കോൺഫറൻസ്ഹാൾ, പരിശീലന കേന്ദ്രം, ലൈബ്രറി എന്നിവ ആരംഭിക്കുമോ ?

ഉത്തരം

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി മണ്ണന്തലയിൽ 'ഡോ. അംബേദ്കർ ഭവൻ' എന്ന പേരിൽ ഒരു സമുച്ചയം നിർമ്മിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. വിശാലമായ ആഡിറ്റോറിയം, ദേശീയനിലവാരമുള്ള ലൈബ്രറി, ദളിത് മ്യൂസിയം, ആർട്ട്ഗാലറി, സിവിൽ സർവ്വീസ് എക്സാമിനേഷൻ കോച്ചിംഗ് സെന്റർ, പട്ടിക വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനകേന്ദ്രം എന്നിവ ഈ കേന്ദ്രത്തിൽ തുടങ്ങാൻ ഉദ്ദേശിക്കുന്നു.

(ബി) ഭരണസമിതിയുടെ ഘടന ഇതുവരെ തീരുമാനിച്ചിട്ടില്ല.

(സി) ഈ സ്ഥാപനത്തിന് സ്ഥലം ലഭ്യമാകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. സ്ഥലം ലഭ്യമായാൽ ഉടൻതന്നെ പ്രവർത്തനം തുടങ്ങുന്നതിനുവേണ്ടി കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഡി) അംബേദ്കർ ഭവനത്തിൽ ആരംഭിക്കുന്ന കോൺഫറൻസ് ഹാൾ, പരിശീലനകേന്ദ്രം, ലൈബ്രറി എന്നിവയുടെ നാമകരണം സംബന്ധിച്ച് തീരുമാനമായിട്ടില്ല.

നമ്പറിംഗ് മെഷീൻ വാങ്ങിയതിലെ ക്രമക്കേടുകളെക്കുറിച്ചുള്ള അന്വേഷണം

159 (1051) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-ൽ നടന്ന ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ബാലറ്റ് പേപ്പർ അച്ചടിക്കുന്നതിനായി 7 ഡിജിറ്റുകളുള്ള നമ്പറിംഗ് മെഷീൻ വാങ്ങിയത് സംബന്ധിച്ച ധനകാര്യ (ഇൻസ്പെക്ഷൻ വിഭാഗം) അന്വേഷണം നടത്തിയിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly